**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1682** **19-09-2025 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ സുനാമി ഫ്ലാറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ സുനാമി ഫ്ലാറ്റുകൾ എവിടെയെല്ലാമാണെന്നും ഈ ഫ്ലാറ്റുകളിൽ എത്രയെണ്ണം നിലവിൽ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | എടവനക്കാട്, നായരമ്പലം, കുഴുപ്പിള്ളി എന്നിവിടങ്ങളിൽ ആണ് വൈപ്പിൻ മണ്ഡലത്തിൽ സുനാമി ഫ്ലാറ്റുകൾ നിലകൊള്ളുന്നത്. 3 ഫ്ലാറ്റുകൾ (കുഴുപ്പിള്ളി 2, എടവനക്കാട്-1) ആണ് ഒഴിവുകൾ ഉള്ളത്. ആയതിൽ എടവനക്കാട് ഉണ്ടായിരുന്ന ഫ്ലാറ്റ് എടവനക്കാട് ഗ്രമപഞ്ചായത്ത് പ്രസിഡന്റിന്റെ അപേക്ഷ പ്രകാരം നിബന്ധനകളോടെ താത്കാലികമായി ശ്രീ.അബ്ദു അറക്കപ്പറമ്പിലിന് അനുവദിച്ച് നൽകിയിട്ടുള്ളതാണ്. |
| (ബി) | സുനാമി ഫ്ലാറ്റുകൾ അനുവദിക്കുന്നതിന് നിലവിൽ എന്തെല്ലാം മാനദണ്ഡങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | സുനാമി റീഹാബിലിറ്റേഷൻ പ്രോഗ്രാമിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>I)സുനാമിയിൽ വീടുകൾ തകർന്നതോ കേടുപാടുകൾ സംഭവിച്ചതോ ആയ കുടുംബങ്ങൾ.<br><br>II) തീരദേശത്ത് ഹൈടൈഡ് നിലപ്പാടിൽ നിന്ന് 10 മീറ്റർ പരിധിക്കുള്ളിൽ താമസിക്കുന്നതും മറ്റേതെങ്കിലും സ്ഥലത്ത് സ്വന്തമായി താമസഗൃഹമില്ലാത്തതുമായ കുടുംബങ്ങൾ.<br><br>III)ഹൈടൈഡ് ലൈൻ മുതൽ 200 മീറ്റർ പരിധിക്കുള്ളിൽ താമസിക്കുന്നതും, തീരദേശ ഹൈടൈഡ് നിലപ്പാടിൽ നിന്ന് 500 മീറ്റർ പരിധിക്കുള്ളിൽ മറ്റെവിടെയും താമസഗൃഹമില്ലാത്തതുമായ കുടുംബങ്ങൾ.<br><br>IV) തീരദേശ ഹൈടൈഡ് നിലപ്പാടിൽ നിന്ന് 500 മീറ്റർ പരിധിക്കുള്ളിൽ താമസിക്കുന്നതും, വെള്ളപ്പൊക്കം പോലുള്ള പ്രകൃതിദുരന്തങ്ങൾക്ക് വിധേയമായ പ്രദേശങ്ങളിലുള്ള വീടുകളുള്ള കുടുംബങ്ങൾ |
| (സി) | സുനാമി ബാധിതർക്ക് മാത്രമേ സുനാമി ഫ്ലാറ്റുകൾ അനുവദിക്കു എന്ന നിബന്ധന കാരണം അവരുടെ അഭാവത്തിൽ അർഹരായ മറ്റ് വിഭാഗക്കാർക്ക് ഇത് | (സി) | പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ച വരുന്നു. |

| | | | |
|---|---|---|---|
| | നൽകാൻ സാധിക്കാത്തതിനാൽ ഇതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യക്തത വരുത്തുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ച കത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ